# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം
2013 ഫെബ്രുവരി 8, വെള്ളി
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

<u>മറുപടി നൽകുന്ന മന്ത്രിമാർ</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി

റവന്യൂവും കയറും വകുപ്പുമന്ത്രി

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി

പൊതുമരാമത്ത് വകുപ്പുമന്ത്രി

## മാതൃകാ ബിരുദ കോളേജുകൾ

*91 ശ്രീ. എൻ. ഷംസുദ്ദീൻ
,, വി. എം. ഉമ്മർ മാസ്റ്റർ
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസം പൂർത്തിയാക്കുന്നവരുടെ ജില്ലാതല ദേശീയ ശരാശരിയെക്കാൾ കുറഞ്ഞ നിലവാരം പുലർത്തുന്നവരുള്ള ജില്ലകൾ സംസ്ഥാനത്തുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം പ്രദേശങ്ങളിൽ മാതൃകാ ബിരുദ കോളേജുകൾ ആരംഭിക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിരുന്നോ;

(സി) ഉന്നത വിദ്യാഭ്യാസരംഗത്തെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ മാതൃകാ ബിരുദ കോളേജുകൾക്കായി കേന്ദ്രത്തിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടായിരുന്നോ; എങ്കിൽ വിശദവിവരം നൽകാമോ;

(ഡി) പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ലെങ്കിൽ അടിയന്തരമായി പ്രസ്തുത കാര്യം പരിശോധിക്കുമോ ?

# കേരള നിയമസഭ
# 08.02.2013–ലെ മറുപടിക്ക്

<u>സബ്സിഡി നിരക്കിലുള്ള പാചക വാതക സിലിണ്ടറുകൾ</u>

*92 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ നിലവിൽ എത്ര പാചകവാതക സിലിണ്ടറുകളാണ് നൽകുന്നത്;

(ബി) സബ്സിഡി നിരക്കിലുളള സിലിണ്ടറുകൾ ഉപഭോക്താക്കൾക്ക് നൽകാതെ എണ്ണം പെരുപ്പിച്ച് കാണിച്ച് ഉപഭോക്താക്കളിൽ നിന്നും, സബ്സിഡി ഇല്ലാത്ത സിലിണ്ടറിനുളള തുക ഗ്യാസ് ഏജൻസികൾ ഈടാക്കുന്നത് വ്യാപകമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഗ്യാസ് സിലിണ്ടറുകൾക്ക് കൃത്യമായ രസീത് നൽകാത്ത ഏജൻസികൾക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) വീടുകളിൽ എത്തിക്കുന്നതിന് സിലിണ്ടറിനേക്കാൾ കൂടിയ തുക കൈപ്പറ്റുന്ന ഏജൻസികൾക്കെതിരെ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

അന്ത്യോദയ, അന്നപൂര്‍ണ്ണ പദ്ധതിപ്രകാരം ആനുകൂല്യം

*93 ശ്രീ. എം. ഉമ്മര്‍
,, എം.പി. അബ്ദുസ്സമദ് സമദാനി
,, സി. മമ്മൂട്ടി
,, പി.കെ. ബഷീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അന്ത്യോദയ, അന്നപൂര്‍ണ്ണ പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കേണ്ട അര്‍ഹരായ നിരവധി നിരാലംബര്‍ക്ക് ആനുകൂല്യം ലഭിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഏതൊക്കെ വിഭാഗങ്ങളില്‍ പെടുന്നവര്‍ക്കാണ് പ്രസ്തുത പദ്ധതി പ്രകാരം ഭക്ഷ്യധാന്യം ലഭിക്കാന്‍ അര്‍ഹതയുള്ളത്;

(സി) ഇതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡത്തില്‍ മാറ്റം വരുത്തേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; എങ്കില്‍ ഏതു തരത്തിലുള്ള മാറ്റമാണ് ഉദ്ദേശിക്കുന്നതെന്നു അറിയിക്കുമോ;

(ഡി) പരമാവധി അശരണര്‍ക്ക് ആനുകൂല്യം ലഭിക്കും വിധം പദ്ധതി നടത്തിപ്പില്‍ മാറ്റം വരുത്തുവാന്‍ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 08.02.2013–ലെ മറുപടിക്ക്

<u>കർഷകരിൽനിന്നും സപ്ലൈകോ സംഭരിക്കുന്ന നെല്ല്
അരിയാക്കി വിതരണം ചെയ്യൽ</u>

*94 ശ്രീമതി. കെ. എസ്. സലീഖ
ശ്രീ. ജി. സുധാകരൻ
,, സാജു പോൾ
,, കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണ
വും രജിസ്ട്രേഷനും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കർഷകരിൽനിന്നും സപ്ലൈകോ സംഭരിക്കുന്ന നെല്ല് അരിയാക്കി വിതരണം ചെയ്യുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(ബി) ഇത്തരം അരി റേഷൻ കടകളിലൂടെ വിതരണം ചെയ്യപ്പെടുന്നുണ്ടോ; എങ്കിൽ എന്ത് വിലയ്ക്കാണ് വിതരണം ചെയ്യുന്നത്;

(സി) ഇത്തരം അരി സ്വകാര്യമില്ലുടമകൾ തിരിമറി നടത്തി മോശപ്പെട്ട അരി വിതരണത്തിന് നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ പേരിൽ ഏതെങ്കിലും മില്ലുടമകളുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സ്വകാര്യ മില്ലുടമകൾക്കുതന്നെ ഈ അരി സപ്ലൈകോ വിൽക്കുന്നുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും പരാതി ലഭിക്കുകയുണ്ടായോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ഇ) പൊതുമാർക്കറ്റിൽ അരിവില ക്രമാതീതമായ തോതിൽ വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇങ്ങനെ ലഭിക്കുന്ന അരി കുറഞ്ഞ നിരക്കിൽ പൊതുവിതരണ കേന്ദ്രങ്ങൾവഴി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 08.02.2013–ലെ മറുപടിക്ക്

ദേശീയപാതാ വികസനത്തിന് കേന്ദ്ര സഹായം

*95 ശ്രീമതി. ജമീലാ പ്രകാശം
ശ്രീ. മാത്യു.റ്റി.തോമസ്
,, ജോസ് തെറ്റയിൽ
,, സി.കെ.നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത്
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയപാതാ വികസനത്തിന് കേന്ദ്ര സർക്കാർ സഹായത്തോടെ നടത്തുന്ന പദ്ധതികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) സ്ഥലം ഏറ്റെടുത്ത് നൽകുന്നതിന് എൻ.എച്ച്.എ.ഐ സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ;

(സി) ഏതെല്ലാം റോഡുകൾ എത്ര മീറ്റർ വീതിയിൽ എത്ര ദൂരം വികസിപ്പിക്കുവാനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്;

(ഡി) സ്ഥലമെടുപ്പ്, പദ്ധതിയുടെ നടത്തിപ്പ് എന്നിവ സംബന്ധിച്ച് എന്തെങ്കിലും പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടോ;

(ഇ) എങ്കിൽ ഇതു പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>റവന്യൂ ഓഫീസുകളിലെ കാലതാമസം</u>

*96 ശ്രീ. റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ ഫലപ്രദമായി നടക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ;

(ബി) ഇത്തരം നടപടികളുടെ പുരോഗതി വിലയിരുത്തുവാനും ജില്ലാ കളക്ടറേറ്റുകളിലെയും താലൂക്ക് ഓഫീസുകളിലെയും തിരക്ക് ഒഴിവാക്കുന്നതിനും കളക്ടർമാർ താലൂക്ക് ഓഫീസുകളിലും തഹസീൽദാർമാർ വില്ലേജ് ഓഫീസുകളിലും പ്രതിമാസ സിറ്റിംഗ് എങ്കിലും നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>റേഷൻകടകൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ വില വർദ്ധന</u>

*97 ശ്രീമതി കെ. കെ. ലതിക
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻകടകൾ വഴി വിതരണം ചെയ്യുന്ന ഗോതമ്പിനും മണ്ണെണ്ണയ്ക്കും വില വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വില വർദ്ധനവ് മുൻകൂട്ടി ഉപഭോക്താക്കളെ അറിയിച്ചിരുന്നതാണോ;

(സി) ഇത്തരം വില വർദ്ധനവിനുണ്ടായ കാരണങ്ങൾ എന്താണ്;

(ഡി) പൊതുവിപണിയിൽ ഭീമമായ വില വർദ്ധനവ് അനുഭവിക്കുന്ന ജനങ്ങൾക്ക് ഇത് ദുസ്സഹമാകും എന്ന് അറിവുള്ളതാണോ; എങ്കിൽ ഇത് പിൻവലിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>ചെറുകിട കയർ ഉദ്പാദക സഹകരണസംഘങ്ങൾക്കുള്ള പദ്ധതി</u>

*98 ശ്രീ. ഷാഫി പറമ്പിൽ
,, തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട കയർ ഉദ്പാദക സഹകരണ സംഘങ്ങൾക്ക് വിപണി വികസന സഹായം നൽകാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികൾ വഴിയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം സഹായങ്ങളാണ് സംഘങ്ങൾക്ക് ഈ പദ്ധതി വഴി ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 08.02.2013–ലെ മറുപടിക്ക്

<u>വരൾച്ച ബാധിത സംസ്ഥാനം</u>

T *99 ശ്രീ. കെ. എൻ. എ. ഖാദർ
,, പി. ബി. അബ്ദുൾ റസാക്
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വരൾച്ച ബാധിതമായി പ്രഖ്യാപിക്കാനിടയായ സാഹചര്യം ആവർത്തിക്കാതിരിക്കാൻ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കൊപ്പം മറ്റ് നടപടികൾ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സംസ്ഥാനം ഇത്തരമൊരു പ്രകൃതി ദുരന്തത്തിൽപ്പെടുവാനുണ്ടായ കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനെക്കുറിച്ച് പഠിക്കാൻ വിദഗ്ദ്ധ സമിതിയെ നിയോഗിക്കുമോ;

(ഡി) വ്യാപകമായ വരൾച്ച ആവർത്തിക്കാതിരിക്കാനുള്ള പരിഹാര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>സപ്ലൈകോ വഴിയുള്ള നിത്യോപയോഗ സാധനങ്ങളുടെ വിലവര്‍ദ്ധനവും സബ്സിഡി പുനഃസ്ഥാപിക്കലും</u>

*100 ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)
,, പി. കെ. ഗുരുദാസന്‍
,, കെ. വി. അബ്ദുള്‍ ഖാദര്‍
,, കെ. കെ. ജയചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം സപ്ലൈകോ പൊതുവിതരണ ശാലകള്‍ വഴി വിതരണം ചെയ്യുന്ന ഏതെല്ലാം ഭക്ഷ്യവസ്തുക്കള്‍ക്കാണ് വില വര്‍ദ്ധിപ്പിച്ചതെന്ന് വെളിപ്പെടുത്താമോ ; വിലവര്‍ദ്ധനവ് എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) സബ്സിഡി നിര്‍ത്തലാക്കിയതിന്റെ പേരില്‍ എത്രയിനം ഭക്ഷ്യവസ്തുക്കള്‍ക്കാണ് വില വര്‍ദ്ധിപ്പിച്ചത് ; വര്‍ദ്ധന എത്ര ; സബ്സിഡി നിര്‍ത്തലാക്കുന്നതിന് മുമ്പുണ്ടായിരുന്ന വില എത്ര ;

(സി) മുന്‍സര്‍ക്കാരിന്റെ കാലത്ത് വിലസ്ഥിരത നിലനിര്‍ത്തിയിരുന്ന 13 ഇനങ്ങളില്‍ ഏതെല്ലാം സാധനങ്ങളുടെ വില എത്ര വര്‍ദ്ധിച്ചുവെന്ന് വെളിപ്പെടുത്താമോ ; വര്‍ദ്ധനവിന് മുന്‍പുണ്ടായിരുന്ന വില എത്ര ;

(ഡി) പൊതുമാര്‍ക്കറ്റില്‍ വിലക്കയറ്റം രൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തില്‍ സപ്ലൈകോ വിറ്റഴിക്കുന്ന നിത്യോപയോഗ സാധനങ്ങളുടെ വര്‍ദ്ധിപ്പിച്ച വില പിന്‍വലിക്കുന്നതിനും സബ്സിഡി പുനഃസ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 08.02.2013–ലെ മറുപടിക്ക്

<u>കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്</u>

*101 ശ്രീ. പി. തിലോത്തമൻ
,, സി. ദിവാകരൻ
,, കെ. രാജു
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വിദേശ കമ്പനിക്ക് കൈമാറുന്നതിന് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് വിദേശ കമ്പനിക്കാണ് കൈമാറുന്നത്;

(സി) ഇപ്പോൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കൈവശമുള്ള ഭൂമി ഉൾപ്പെടെ എന്തെല്ലാം സൗകര്യങ്ങളാണ് കൈമാറുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവയുടെ ആകെ മതിപ്പുവില എത്രയാണ്;

(ഇ) ഇൻസ്റ്റിറ്റ്യൂട്ടിന്റെ എത്ര ശതമാനം ഓഹരിയാണ് വിദേശ കമ്പനിക്ക് നൽകുന്നത്; ഇതിൽ സർക്കാരിന്റെ ഓഹരി വിഹിതം എത്ര?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>സബ്സിഡി നിരക്കിൽ നൽകുന്ന ഗ്യാസ്
സിലിണ്ടറുകളുടെ എണ്ണം കൂട്ടാൻ നടപടി</u>

*102 ശ്രീ. എസ്. രാജേന്ദ്രൻ
,, എ. പ്രദീപ്കുമാർ
,, വി. ശിവൻകുട്ടി
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ
സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ സബ്സിഡി നിരക്കിൽ നൽകുന്ന പാചക വാതക സിലിണ്ടറുകളുടെ എണ്ണം കുറച്ചിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ചിരിക്കുന്ന നിലപാട് വിശദമാക്കാമോ; ഒരു കുടുംബത്തിന് ഒരു വർഷം എത്ര സിലിണ്ടർ വേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്;

(ബി) സംസ്ഥാനത്തെ എത്രകുടുംബങ്ങൾക്ക് കേന്ദ്ര സർക്കാർ തീരുമാനം മൂലം സബ്സിഡി നിരക്കിലുള്ള ഗ്യാസ് സിലിണ്ടറിൽ കുറവ് നേരിടുമെന്ന് വ്യക്തമാക്കാമോ;

(സി) ഗ്യാസ്കണക്ഷനുളള എത്രപേർ ബിപിഎൽ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട് എന്നും ഗ്യാസ് കണക്ഷനുളള കുടുംബങ്ങൾ മൊത്തം എത്രയെന്നും ഇനിയും ഗ്യാസ് കണക്ഷന് അപേക്ഷ നൽകി കാത്തിരിക്കുന്നവർ എത്രയാണെന്നും വിശദമാക്കാമോ;

(ഡി) സബ്സിഡി നിരക്കിൽ നൽകുന്ന ഗ്യാസ് സിലിണ്ടറുകളുടെ എണ്ണം കേന്ദ്രം വെട്ടിക്കുറച്ച സാഹചര്യത്തിൽ ഒരു വർഷം എത്ര ഗ്യാസ് സിലിണ്ടറുകൾ നൽകാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്; അതിനായി സ്വീകരിച്ച നടപടികൾ എന്ത് എന്നറിയിക്കുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

റോഡ് അപകടമൊഴിവാക്കുവാൻ നടപടി

*103 ശ്രീ. മാത്യൂ റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്., പി.ഡബ്ല്യൂ.ഡി. റോഡുകളിൽ സ്ഥിരമായി അപകടങ്ങൾ നടക്കുന്ന സ്ഥലങ്ങൾ ഏതെല്ലാമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) അപകടങ്ങൾ ഒഴിവാക്കുവാൻ ആവശ്യമായ റോഡുവികസനമോ മറ്റ് അനുബന്ധ പ്രവർത്തനങ്ങളോ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) എൻ.എച്ച്., പി.ഡബ്ല്യൂ.ഡി. റോഡുകളിലും മറ്റും മുന്നറിയിപ്പ് ബോർഡുകളും, റിഫ്ളക്ടറുകളും സ്ഥാപിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>നാഷണൽ ഹൈവേകളുടെ വികസനം</u>

*104 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, സി. മോയിൻകുട്ടി
,, പി. ബി. അബ്ദുൾ റസാക്
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേകളുടെ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്ന കാര്യത്തിലുള്ള പ്രതിസന്ധിയും കാലതാമസവും സംസ്ഥാനത്തിന്റെ പാതാ വികസന പ്രവർത്തനങ്ങളിൽ നിന്നും ദേശീയ പാതാ വികസന അതോറിറ്റിയെ പിന്മാറാൻ പ്രേരിപ്പിക്കുന്നു എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) എങ്കിൽ അതു മുഖേന ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 08.02.2013–ലെ മറുപടിക്ക്

<u>കേന്ദ്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ</u>

*105 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
ശ്രീ. തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ സംസ്ഥാനത്ത് പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതായി അറിവ് ഉണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം എന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ഐ.ഐ.ടി. തുടങ്ങുന്നത് സംബന്ധിച്ച കേന്ദ്ര നിലപാട് എന്തെന്ന് വ്യക്തമാക്കുമോ;

(സി) പുതുതായി ഏതെങ്കിലും കേന്ദ്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

## സ്കൂൾ കലോൽസവ മാനുവൽ

*106 ശ്രീ. പാലോട് രവി
,, തേറമ്പിൽ രാമകൃഷ്ണൻ
,, ആർ. സെൽവരാജ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കലോൽസവ മാനുവൽ പരിഷ്ക്കരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് വരുത്താനുദ്ദേശിക്കുന്നത്;

(സി) കലാപരമായി കഴിവുള്ളവർക്കും എന്നാൽ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായവർക്ക് പ്രത്യേക ധനസഹായം നൽകുന്നതിന് ഫണ്ട് രൂപീകരിക്കുന്ന കാര്യം പരിഷ്ക്കാരത്തിൽ ഉൾപ്പെടുത്തുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>സ്ക്കൂള്‍ കലോത്സവം ജനകീയമാക്കാന്‍ നടപടി</u>

*107 ഡോ. കെ. ടി. ജലീല്‍
ശ്രീ. കെ. സുരേഷ് കുറുപ്പ്
,, ആര്‍. രാജേഷ്
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ** വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സ്ക്കൂള്‍ കലോത്സവ വിജയത്തില്‍ സാധാരണ സര്‍ക്കാര്‍ സ്ക്കൂളുകളുടെ കുറവ് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) സാമ്പത്തികമായി കഴിവില്ലാത്ത യോഗ്യതയുള്ള കലാകാരന്മാര്‍ക്കും സംഘങ്ങള്‍ക്കും ഏതെങ്കിലും തരത്തിലുള്ള സഹായം നല്‍കുമോ; ചെലവേറിയ ഇനങ്ങള്‍ക്ക് സ്ക്കൂളുകളില്‍ പരിശീലനം നല്‍കുമോ;

(സി) ഭാവിയില്‍ കലാമേള സമ്പത്തിന്റെ മേളയല്ലാതെ സാധാരണ കുട്ടികള്‍ക്കുകൂടി പങ്കെടുക്കാന്‍ കഴിയുന്ന തരത്തില്‍ ജനകീയമാക്കാന്‍ നടപടി സ്വീകരിക്കുമോ;

(ഡി) ഇത്തരം പോരായ്മകള്‍ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡുകളുടെ നിർമ്മാണം</u>

*108 ശ്രീ. അൻവർ സാദത്ത്
,, വർക്കല കഹാർ
,, ആർ.സെൽവരാജ്
,, പി.എ.മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത്**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനത്ത് പ്രസ്തുത റോഡുകളുടെ നിർമ്മാണം നടക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) ഏത് ഏജൻസിയെയാണ് ഇവയുടെ നിർമ്മാണ പ്രവർത്തനത്തിന് ഏർപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഇ) പ്രസ്തുത റോഡുകളുടെ നിർമ്മാണം വിജയകരമാണെന്നു കണ്ടാൽ സംസ്ഥാനം മുഴുവനും ഇത്തരം റോഡുകൾ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ;

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

ബാങ്കുവഴി റേഷൻ സബ്സിഡി ആനുകൂല്യങ്ങൾ

*109 ശ്രീ. ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ സബ്സിഡി അടക്കമുള്ള ആനുകൂല്യങ്ങൾ ബാങ്ക് വഴി വിതരണം ചെയ്യണമെന്ന കേന്ദ്ര ഗവൺമെന്റ് നയത്തോടുള്ള സംസ്ഥാനത്തിന്റെ നിലപാട് വ്യക്തമാക്കാമോ;

(ബി) അപ്രകാരം വിതരണം നടത്തുമ്പോൾ പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ കേന്ദ്രത്തെ ബോധ്യപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

സ്വാശ്രയ എന്‍ജിനീയറിംഗ് വിദ്യാഭ്യാസ മേഖലയിലെ പ്രതിസന്ധി

*110 ശ്രീ. എന്‍. എ. നെല്ലിക്കുന്ന്
,, റ്റി. എ. അഹമ്മദ് കബീര്‍
,, കെ. എന്‍. എ. ഖാദര്‍
,, അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്വാശ്രയ എന്‍ജിനീയറിംഗ് വിദ്യാഭ്യാസ മേഖല നേരിടുന്ന ഗുരുതര പ്രതിസന്ധി ശ്രദ്ധയില്‍ വന്നിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ എന്‍ജിനീയറിംഗ് കോളേജുകളില്‍ നിരവധി സീറ്റുകള്‍ ഒഴിഞ്ഞു കിടക്കുമ്പോഴും സംസ്ഥാനത്തു നിന്നും ആയിരക്കണക്കിനു വിദ്യാര്‍ത്ഥികള്‍ അന്യസംസ്ഥാനങ്ങളിലേയ്ക്ക് അഡ്മിഷന്‍ വാങ്ങി പോകുന്നതിന്റെ കാരണങ്ങള്‍ പരിശോധിച്ചിട്ടുണ്ടോ ;

(സി) എന്‍ജിനീയറിംഗ് വിദ്യാഭ്യാസ മേഖലയുടെ ആധുനികവത്കരണത്തിന് പ്രധാന്യം നല്‍കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയില്‍ വന്നിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഇക്കാര്യത്തില്‍ അടിയന്തിര നടപടികള്‍ സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**08.02.2013-ലെ മറുപടിക്ക്**

<u>ഭൂമിദാനം പദ്ധതി</u>

*111 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, വി. ഡി. സതീശൻ
,, ലൂഡി ലൂയിസ്
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂമിദാനം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഭൂമി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പിലാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്;

(ഡി) പ്രസ്തുത പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നത് എങ്ങനെയാണ്; വിശദമാക്കുമോ;

(ഇ) ഭൂമിദാനത്തിന് കാൻസർ രോഗികൾ, വികലാംഗർ, വിധവകൾ എന്നിവർക്ക് മുൻഗണന നൽകുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 08.02.2013–ലെ മറുപടിക്ക്

**കാലാവസ്ഥാ വ്യതിയാനം മൂലമുള്ള ആഘാതം നേരിടാൻ നടപടി**

*112 ശ്രീ. പി. ഉബൈദുള്ള
,, പി.ബി. അബ്ദുൾ റസാക്
,, സി. മോയിൻകുട്ടി
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥയിലുണ്ടാകുന്ന താളപ്പിഴകളുടെ ആഘാതം നേരിടാൻ സ്വീകരിച്ചുവരുന്ന മുൻകരുതൽ നടപടികൾ വിശദമാക്കുമോ ;

(ബി) ഈ വർഷത്തെ മൺസൂൺ മഴ പ്രതീക്ഷിച്ചത്ര ലഭിക്കാത്തതുമൂലമുണ്ടാകുന്ന ജലക്ഷാമം പരിഹരിക്കാൻ മുൻകരുതൽ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ മുൻകരുതലുകളാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) മഴയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ പരിഹരിക്കുന്നതിനും, അപ്രതീക്ഷിത ജലക്ഷാമം നേരിടുന്നതിനും, ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയുള്ള സ്ഥിരവും സമഗ്രവുമായ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുമോ ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>ജനസൗഹൃദ വില്ലേജ് ആഫീസുകൾ</u>

*113 ശ്രീ. കെ. അച്ചുതൻ
,, കെ. ശിവദാസൻ നായർ
,, എം. എ. വാഹീദ്
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകൾ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റുന്നതിന് എന്തെല്ലാ നടപടികളാണ് സ്വീകരിച്ചിട്ടുളളത്; വിശദമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പൊതുജനങ്ങൾക്ക് ഒരുക്കിയിട്ടുളളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത ലക്ഷ്യം സഫലീകരിക്കുന്നതിന് എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 08.02.2013–ലെ മറുപടിക്ക്

പന്ത്രണ്ടാം ക്ലാസ്സിലെ പൊതു പരീക്ഷ

*114 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, സി. മമ്മൂട്ടി
,, പി. കെ. ബഷീർ
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014 മുതൽ പന്ത്രണ്ടാം ക്ലാസിൽ സയൻസിനും കണക്കിനും പൊതുപരീക്ഷ നടത്തുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന വിദ്യാഭ്യാസവകുപ്പ് എന്തൊക്കെ മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പൊതുപരീക്ഷ കൊണ്ട് സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് ലഭിക്കുമെന്ന് കരുതുന്ന നേട്ടങ്ങളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാന സിലബസിൽ പഠിച്ചുവരുന്ന കുട്ടികളുടെ നിലവാരത്തെ പൊതുപരീക്ഷ ഏതു വിധത്തിൽ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; അവരുടെ പഠന നിലവാരം ദേശീയ നിലവാരത്തിലേക്ക് ഉയർത്താൻ കാലേകൂട്ടി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>കർഷകരിൽനിന്നുള്ള നെല്ല് സംഭരണത്തിൽ സ്വകാര്യമില്ലുടമകളുടെ തട്ടിപ്പ്</u>

*115 ശ്രീ. വി. ചെന്താമരാക്ഷൻ
,, സി. കെ. സദാശിവൻ
,, ബി. ഡി. ദേവസ്സി
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകരിൽനിന്നുള്ള നെല്ല് സംഭരണം ഫലപ്രദമായി നടക്കുന്നുണ്ടോ ; നടപ്പ് സാമ്പത്തിക വർഷം ഇതുവരെ എത്ര ടൺ നെല്ല് സംഭരിച്ചുവെന്ന് വെളിപ്പെടുത്താമോ ; കർഷകർക്ക് നെല്ലിന്റെ വില നൽകാൻ കുടിശ്ശികയുണ്ടോ ; എങ്കിൽ എത്ര ;

(ബി) നെല്ലിന്റെ സംഭരണം സ്വകാര്യമില്ലുകളെ ഏല്പിച്ചിട്ടുണ്ടോ ; നെല്ലുകുത്തുന്നത് സംബന്ധിച്ച് മില്ലുടമകളുമായി സപ്ലൈകോ ഏർപ്പെട്ടിട്ടുള്ള കരാറിന്റെ വിശദാംശം ലഭ്യമാക്കാമോ ;

(സി) സംഭരിക്കപ്പെടുന്ന നെല്ല് കുത്തി അരിയാക്കി തിരികെ ഏല്പിക്കുന്നതിന് സപ്ലൈകോയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള സ്വകാര്യമില്ലുകൾ, അരി തിരിച്ചേല്പിക്കാതെ മറിച്ച് വിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കർഷകരിൽനിന്നും സംഭരിക്കുന്ന നെല്ല് കുത്തി അരിയാക്കി തിരിച്ചേല്പിക്കാതെ മോശമായ അരി നൽകി മില്ലുടമകൾ വിശ്വാസ വഞ്ചന നടത്തുന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ഇ) ഇത്തരം തട്ടിപ്പ് നടത്തിയ ഏതെങ്കിലും മില്ലുടമകളുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

(എഫ്) ഗുണമേന്മ കുറഞ്ഞ അരി നൽകിയതിന്റെ പേരിൽ പിടിച്ചെടുത്ത അരി അതേ മില്ലുടമയ്ക്ക് തന്നെ സപ്ലൈകോ മറിച്ച് വിൽക്കുകയുണ്ടായോ ; വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 08.02.2013-ലെ മറുപടിക്ക്

<u>ഉന്നതവിദ്യാഭ്യാസ വികസന പദ്ധതി</u>

*116 ശ്രീ. ആര്‍. സെല്‍വരാജ്
,, റ്റി. എന്‍. പ്രതാപന്‍
,, അന്‍വര്‍ സാദത്ത്
,, എം. പി. വിന്‍സെന്റ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഉന്നതവിദ്യാഭ്യാസ വികസനത്തിനായി പുതിയ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ പഠനറിപ്പോര്‍ട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കുന്നതിനുള്ള ധനസഹായത്തിനുവേണ്ടി റിപ്പോര്‍ട്ട് കേന്ദ്രത്തിന് നല്‍കിയിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതിയുടെ മുതല്‍മുടക്ക് എത്രയാണ്;

(ഇ) പദ്ധതി സംസ്ഥാനത്ത് ഏതെല്ലാം സര്‍വ്വകലാശാലകളിലാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 08.02.2013–ലെ മറുപടിക്ക്

<u>സ്കൂളുകളിൽ പ്രാഥമിക സൗകര്യങ്ങളുടെ അഭാവം</u>

*117 ശ്രീ. റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്
,, എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ പ്രാഥമിക സൗകര്യങ്ങളുടെ അഭാവം നേരിടുന്ന സ്കൂളുകൾ എത്രയുണ്ടെന്ന് അറിയിക്കുമോ;

(ബി) സ്കൂളുകളിൽ കുട്ടികൾക്കു പ്രാഥമിക സൗകര്യങ്ങൾ ഉറപ്പാക്കുന്ന കാര്യത്തിൽ എടുത്തിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) സ്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി കുടിവെള്ള യൂണിറ്റ്, പ്രാഥമിക സൗകര്യങ്ങൾ എന്നിവ അടുത്ത അധ്യയന വർഷം ആരംഭിയ്ക്കുന്നതിന് മുൻപ് തന്നെ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 08.02.2013–ലെ മറുപടിക്ക്

നെൽപ്പാടങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടി

*118 ശ്രീ. സി.കെ.സദാശിവൻ
,, എം.ചന്ദ്രൻ
,, സി.കൃഷ്ണൻ
,, കെ.വി.വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അരിയുൽപാദനത്തിൽ ഗണ്യമായ കുറവുള്ള സംസ്ഥാനത്തെ അവശേഷിക്കുന്ന നെൽപ്പാടങ്ങൾ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) 2008 –ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം കർശനമായി നടപ്പിലാക്കാൻ സർക്കാർ തയ്യാറാകുമോ;

(സി) പ്രസ്തുത നിയമവ്യവസ്ഥകൾ പ്രകാരമുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കേരളം രൂപംകൊള്ളുമ്പോൾ സംസ്ഥാനത്തുണ്ടായിരുന്നതും നിലവിൽ അവശേഷിക്കുന്നതുമായ നെൽവയലിനെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

<u>റോഡ് വികസനത്തിലെ പ്രതിസന്ധി</u>

*119 ശ്രീ. എം. ഹംസ
,, എ. കെ. ബാലൻ
,, പി.റ്റി. എ. റഹീം
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക ബാദ്ധ്യതമൂലം റോഡുകളുടെ വികസന പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും നിർത്തിവയ്ക്കേണ്ട അവസ്ഥ ഉണ്ടായിട്ടുണ്ടോ;

(ബി) കരാറുകാർക്ക് കുടിശ്ശിക ഇനത്തിൽ എന്തു തുക കൊടുത്തു തീർക്കാനുണ്ടെന്ന് അറിയിക്കുമോ ;

(സി) സംസ്ഥാനത്തെ റോഡു വികസന പ്രവർത്തനങ്ങളിൽ നിന്ന് ദേശീയപാത അതോറിറ്റി പിൻവാങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം സംസ്ഥാന സർക്കാരിന് അധിക ബാദ്ധ്യതകൾ വന്നിട്ടുണ്ടോ ; ദേശീയ പാതാ വികസന പ്രവർത്തനങ്ങൾ സ്തംഭിക്കാൻ സാദ്ധ്യതയുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 08.02.2013-ലെ മറുപടിക്ക്

**ഉന്നതവിദ്യാഭ്യാസ മേഖലയെ ബാധിച്ച നിലവാരത്തകർച്ച**

*120 ശ്രീ. സാജു പോൾ
,, എം. എ. ബേബി
,, കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ മേഖലയെ ബാധിച്ച നിലവാരത്തകർച്ചയ്ക്ക് പരിഹാരം കാണുന്നതിന് മുൻസർക്കാർ സ്വീകരിച്ച നടപടികളുമായി മുന്നോട്ടു പോകുവാൻ തയ്യാറാകുമോ;

(ബി) ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉയർത്തുന്നതിന് സമഗ്രമായ പരിഷ്ക്കരണം ഏതെല്ലാം മേഖലകളിൽ ആവശ്യമാണെന്ന് കരുതുന്നു;

(സി) വിദ്യാർത്ഥി പ്രവേശനം, പാഠ്യപദ്ധതി രൂപീകരണം, അദ്ധ്യയനപ്രക്രിയ, മൂല്യനിർണ്ണയം തുടങ്ങിയ കാര്യങ്ങളിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നയം വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 ജനുവരി 30.

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

കേരള നിയമസഭ
08.02.2013–ലെ മറുപടിക്ക്